©
Government of Kerala
കേരള സർക്കാർ
2006

Reg. No. രജി. നമ്പർ
KL/TV(N)/12/2006-2008

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. LI<br>വാല്യം 51 | Thiruvananthapuram, Wednesday<br>തിരുവനന്തപുരം, ബുധൻ | 22nd February 2006<br>2006 ഫെബ്രുവരി 22<br>3rd Phalguna 1927<br>1927 ഫാൽഗുനം 3 | No.<br>നമ്പർ | 417 |

## കേരള സർക്കാർ

തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 16/2006/തൊഴിൽ. തിരുവനന്തപുരം, 2006 ഫെബ്രുവരി 14.

**എസ്. ആർ. ഒ. നമ്പർ 167/2006.**—1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമം (1980-ലെ 20) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ, 1999 മേയ് 4-ാം തീയതിയിലെ സർക്കാർ ഉത്തരവ് (പി) 56/99/തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 1999 മേയ് 4-ാം തീയതിയിലെ 889-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 386/99 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതി ഭേദഗതി ചെയ്യുന്നതിനുവേണ്ടി 2005 ആഗസ്റ്റ് 27-ാം തീയതിയിലെ 1985-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2005 ആഗസ്റ്റ് 17-ാം തീയതിയിലെ ജി. ഒ. (പി) 78/2005/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധപ്പെടുത്തിയിരുന്ന കരട് പദ്ധതിയിന്മേൽ നാളിതുവരെ യാതൊരു അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ ലഭിച്ചിട്ടില്ലാത്തതിനാൽ, പ്രസ്തുത പദ്ധതി ഭേദഗതി ചെയ്യുന്നതിന് താഴെ പറയുന്ന പദ്ധതി ഉണ്ടാക്കുന്നു, അതായത്:—

### പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ പദ്ധതിക്ക് 2006-ലെ കേരള ചുമട്ടു [illegible] (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ (ഭേദഗതി) പദ്ധതി എന്ന് പേര് [illegible]

[illegible]

2. പദ്ധതിയുടെ ഭേദഗതി.—1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമപദ്ധതിയിൽ,—

(1) അദ്ധ്യായം 3-ലെ 9-ാം ഖണ്ഡികയിൽ, (4)-ാം ഉപഖണ്ഡികയ്ക്ക് ശേഷം, താഴെ പറയുന്നവ ചേർക്കേണ്ടതാണ്, അതായത് :—

"(5) മേൽ (4)-ാം ഉപഖണ്ഡികയിൽ പറയുന്ന ഒരു വർഷത്തിനുശേഷമുള്ള കാലയളവിൽ തക്കതായ കാരണങ്ങൾ സഹിതം തൊഴിലാളിയുടെ ഹർജിയുടെ വെളിച്ചത്തിൽ ബോർഡിന് അംഗത്വം പുനഃസ്ഥാപിച്ചു നൽകാവുന്നതാണ്. എന്നാൽ നിധിയിലേക്ക് ഉള്ള അംശദായം പിഴപ്പലിശ സഹിതം (അംഗത്വം റദ്ദായ കാലയളവിലേതുൾപ്പെടെ) ഈ പദ്ധതി പ്രകാരമുള്ള നിധിയിലേക്ക് വസൂലാക്കി രസീത് നൽകുന്ന തീയതി മുതൽ മാത്രമേ അംഗത്വം പുനഃസ്ഥാപിക്കൽ പ്രാബല്യത്തിൽ വരുകയുള്ളൂ.";

(2) അദ്ധ്യായം 4-ലെ 12-ാം ഖണ്ഡികയിലെ (2)-ാം ഉപഖണ്ഡികയിലെ "2 രൂപ", "3 രൂപ" എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും പകരം യഥാക്രമം "1 രൂപ", "2 രൂപ" എന്ന അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സി. കെ. വിശ്വനാഥൻ,
ഗവൺമെന്റ് സെക്രട്ടറി.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1999-ലെ കേരളചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതിയുടെ 9-ാം ഖണ്ഡികയുടെ 4-ാം ഉപഖണ്ഡിക പ്രകാരം 2 വർഷം വരെയുള്ള വിഹിത മടവിലെ കുടിശ്ശിക കാരണം റദ്ദായ അംഗത്വം തൊഴിലാളിയുടെ ഹർജിയുടെ വെളിച്ചത്തിൽ കമ്മിറ്റിയുടെ വിവേചനാധികാരം ഉപയോഗിച്ച് പുനഃസ്ഥാപിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. രണ്ട് വർഷത്തിൽ കൂടുതൽ കുടിശ്ശിക വരുത്തിയ തൊഴിലാളികൾക്ക് മതിയായ കാരണമുണ്ടെങ്കിൽ, അംഗത്വം പുനഃസ്ഥാപിച്ചു കൊടുക്കുന്നതിന് ബോർഡിന് അധികാരം നൽകുവാൻ സർക്കാർ തീരുമാനിച്ചു. നിശ്ചിത സമയത്തിനകം അംശാദായ തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന തൊഴിലാളികൾ മാസം തോറും 30 രൂപ അംശദായമായി നൽകേണ്ടയാൾ പ്രതിമാസം 2 രൂപ നിരക്കിലും 50 രൂപ അംശദായം നൽകേണ്ടയാൾ പ്രതിമാസം 3 രൂപ നിരക്കിലും നൽകിവരുന്ന പിഴയുടെ നിരക്ക് യഥാക്രമം 1 രൂപയായും 2 രൂപയായും കുറയ്ക്കുവാനും സർക്കാർ തീരുമാനിച്ചു.

ഈ ഉദ്ദേശ്യം നിറവേറ്റുന്നതിനുവേണ്ടിയുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2006

31st May, 2008 and published in the Kerala Gazette Extraordinary No. 1135 dated the 3rd June, 2008. Having received no objections and suggestions within the stipulated time after the publication of the said notification, Government have now decided to issue the provisions in the Draft Scheme as final notification.

This notification is intended to achieve the above object.

## കേരള സർക്കാർ

തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 155/2008/തൊഴിൽ. തിരുവനന്തപുരം, 2008 നവംബർ 13.

**എസ്. ആർ. ഒ. നമ്പർ 1170/2008.**—1978-ലെ കേരള ചുമട്ടു തൊഴിലാളി ആക്റ്റ് (1980-ലെ 20) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ, 1999 മേയ് 4-ാം തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ (പി) 56/99/തൊഴിൽ എന്ന വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 1999 മേയ് 4-ാം തീയതിയിലെ 889-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 386/99 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതി ഭേദഗതി ചെയ്യുന്നതിനുവേണ്ടി, പ്രസ്തുത വകുപ്പ് പ്രകാരം 2008 ജൂൺ 3-ാം തീയതിയിലെ 1135-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ, 2008 മേയ് 31-ാം തീയതിയിലെ 22096/എച്ച്3/07/തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം കരട് പദ്ധതി പ്രസിദ്ധപ്പെടുത്തിയശേഷം താഴെപ്പറയും പ്രകാരം പദ്ധതി ഉണ്ടാക്കുന്നു, അതായത്:—

### പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ പദ്ധതിക്ക് 2008-ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ (ഭേദഗതി) പദ്ധതി എന്നു പേർ പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.— 1999-ലെ കേരള ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതിയിലെ 15-ാം ഖണ്ഡികയിൽ,—

(1) (4)-ാം ഉപഖണ്ഡിക (എ) ഖണ്ഡത്തിൽ "100 രൂപ മുതൽ 300 രൂപ വരെ" എന്ന അക്കങ്ങൾക്കും വാക്കുകൾക്കും പകരം "200 രൂപ മുതൽ 400 രൂപവരെ" എന്ന അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്.

(2) (5)-ാം ഉപഖണ്ഡികയിൽ "1000 രൂപ" എന്ന അക്കത്തിനും വാക്കിനും പകരം "1500 രൂപ" എന്ന അക്കവും വാക്കും ചേർക്കേണ്ടതാണ്.

(3) (6)-ാം ഉപഖണ്ഡിക (ബി) ഖണ്ഡത്തിനുശേഷമുള്ള പട്ടികയിൽ ഇനം 4-ന് നേർക്ക് "അർഹമായ ഡെത്ത് എക്സ്ഗ്രേഷ്യ രൂപ" എന്ന ശീർഷകത്തിന് കീഴിൽ "40,000" എന്ന അക്കത്തിന് പകരം "50,000" എന്ന അക്കം ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. വിശ്വനാഥൻ,

*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1999-ലെ കേരള ചുമട്ടു തൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതിയിൽ അംഗങ്ങളായ ചുമട്ടു തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം, വിവാഹ ധനസഹായം, മരണപ്പെടുന്ന അംഗത്തിന്റെ നോമിനിക്ക് നല്കുന്ന ഡെത്ത് എക്സ്ഗ്രേഷ്യ എന്നിവ വർദ്ധിപ്പിക്കുന്നതിന് പദ്ധതിയിൽ ആവശ്യമായ ഭേദഗതി വരുത്താൻ സർക്കാർ തീരുമാനിച്ചിരുന്നു. പ്രസ്തുത ഭേദഗതി സംബന്ധിച്ച് 1978-ലെ കേരള ചുമട്ടു തൊഴിലാളി നിയമം (1980-ലെ 20) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം, 2008 മേയ് 31-ാം തീയതിയിലെ 22096/എച്ച്3/2007/ തൊഴിൽ നമ്പറിലുള്ള വിജ്ഞാപനമായി 2008 ജൂൺ 3-ാം തീയതിയിലെ 1135-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന കരട് പദ്ധതിയിന്മേൽ നാളിതുവരെ ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ ലഭിച്ചിട്ടില്ലാത്തതിനാൽ, കരട് പദ്ധതിയിലെ വ്യവസ്ഥകൾ അന്തിമ വിജ്ഞാപനമായി പ്രസിദ്ധപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചു.

ഈ ഉദ്ദേശ്യം നിറവേറ്റുന്നതിന് വേണ്ടിയുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2008